"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡെന്റൽ സിവിൽ സർജൻ തസ്തിക - സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1264/2025/H&FWD തീയതി,തിരുവനന്തപുരം, 06-05-2025

---

പരാമർശം:- 1. സ.ഉ.(പി) നം.39/2025/ആകുവ തീയതി 25.03.2025.

2. സ.ഉ.(സാധാ) നം.1099/2025/ആകുവ തീയതി 21.04.2025.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.04.2025 തീയതിയിലെ DHS/27198/2024-EB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ ഡെന്റൽ സിവിൽ സർജൻ തസ്തികയിലേക്കുള്ള പരാമർശം (1) സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന മെഡിക്കൽ ഓഫീസർമാർക്ക് ഡെന്റൽ സിവിൽ സർജൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം (2) പുറപ്പെടുവിച്ചിരുന്നു. ഡോ. സീബാമോൾ വി. യ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ (ഡെന്റൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനാൽ ടി ഒഴിവും കൂടി പരിഗണിച്ചാണ് ഡെന്റൽ സിവിൽ സർജൻ തസ്തികയിലേക്ക് പ്രൊമോഷൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതെന്നും എന്നാൽ ഡോ. സീബാമോൾ വി., ടിയാൾക്കു സ്ഥാനക്കയറ്റം ആവശ്യമില്ല എന്ന് കാണിച്ച് ബഹു.ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്തിരുന്ന കേസിന്മേലുള്ള ഉത്തരവ് പ്രകാരം ബഹു.ട്രൈബ്യൂണൽ ടി മെഡിക്കൽ ഓഫീസറുടെ സ്ഥാനക്കയറ്റം രണ്ട് മാസത്തേക്ക് stay ചെയ്തിട്ടുള്ളതായും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിരുന്നു. മേൽ സാഹചര്യത്തിൽ ടി ഒഴിവ് മാറ്റി നിർത്തി ഡെന്റൽ സിവിൽ സർജൻ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിനുള്ള പുതുക്കിയ പ്രൊപ്പോസലും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ, പരാമശം (1) സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന മെഡിക്കൽ ഓഫീസർക്ക് 95600-153200 ശമ്പള സ്കെയിലിൽ ഡെന്റൽ സിവിൽ സർജൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പേരിനു

നേരെ ചേർത്തിട്ടുള്ള സ്ഥാപനത്തിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, പെൻ, നിലവിൽ ജോലിചെയ്യുന്ന സ്ഥാപനം | ഉദ്യോഗ കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | Dr. Malini M. G., 652111,<br>TH, Palluruthy, Ernakulam | District Hospital, Kanhangad |

3. പരാമർശം (2) ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു.

4. ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് പി ഡി എഫ് രൂപത്തിൽ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആയതിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം/കാസർഗോഡ്.
ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ (A3/239/2025/HEALTH).

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 06-05-2025 17:15:53

മേലെഴുത്ത് കത്ത് നം. ഇബി4 - 27198/2024/ആവധ തീയതി 9/5/20
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും
തുടർനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി.